**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2742** **28-02-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിവരുന്ന സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിവരുന്ന ഏതൊക്കെ ആനുകൂല്യങ്ങൾക്കാണ് കേന്ദ്രസർക്കാർ സഹായം ലഭിച്ചുകൊണ്ടിരിക്കുന്നത്; | (എ) | പട്ടികവർഗ്ഗ വിഭാഗത്തിനായി കേന്ദ്ര സർക്കാർ ചുവടെ പറയുന്ന പദ്ധതികൾക്കായി സഹായം നൽകി വരുന്നുണ്ട്.<br><br>1. അതിക്രമം തടയൽ<br><br>2. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്<br><br>3. പ്രീ മെട്രിക് സ്കോളർഷിപ്പ്<br><br>4.കൺസർവേഷൻ കം ഡവലപ്മെന്റ് (പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങൾക്കുള്ള വികസന പദ്ധതി).<br><br>5. ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള സഹായവും നിർമ്മാണ പ്രവർത്തികളും.<br><br>6. പി.എം.എ.എ.ജി.വൈ (പട്ടികവർഗ്ഗ ഉപപദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്ര സഹായം)<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി; 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി, ആരോഗ്യഹാനിക്ക് ഇടയാക്കുന്ന സാഹചര്യങ്ങളിൽ തൊഴിലെടുക്കുന്നവരുടെ കുട്ടികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്, അതിക്രമം തടയൽ പദ്ധതി (50%CSS), PM-AJAY പദ്ധതി SCSTകോർപ്പറേഷനുള്ള ധനസഹായ പദ്ധതി എന്നിവയ്ക്കാണ് കേന്ദ്രസർക്കാർ സഹായം ലഭിച്ചുകൊണ്ടിരിക്കുന്നത്. |
| (ബി) | പ്രസ്തുത കേന്ദ്രസഹായത്തിൽ എന്തൊക്കെ | (ബി) | പ്രീമെട്രിക് സ്കോളർഷിപ്പ്, പോസ്റ്റ് മെട്രിക് |

| | | | |
|---|---|---|---|
| | കുറവുകളും നിർത്തലാക്കലുകളുമാണ് കഴിഞ്ഞ 2 വർഷത്തിനിടെ ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ; | | സ്കോളർഷിപ്പ് വിതരണത്തിൽ പുതുക്കിയ മാനദണ്ഡങ്ങൾ കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടില്ല. മുൻ വർഷത്തിൽ നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിലവിൽ നൽകി വരുന്നു. 75% കേന്ദ്ര വിഹിതം ലഭിക്കുന്ന 2പദ്ധതികൾക്കും പൂർണ്ണമായും കേന്ദ്രസഹായം ലഭിച്ചിട്ടില്ല. പട്ടികവർഗ്ഗ ഉപപദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്ര സഹായം എന്ന പദ്ധതി പി.എം.എ.എ.ജി എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമായി പട്ടികവർഗ്ഗ ജനസംഖ്യ കൂടുതലുള്ള പ്രദേശത്ത് മാത്രമാണ് ധനസഹായം ലഭിക്കുന്നത്.<br><br>പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി 100% കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്നു. എന്നാൽ 2021-22 വർഷം മുതൽ പ്രസ്തുത പദ്ധതി 40:60 സംസ്ഥാന - കേന്ദ്ര അനുപാതത്തിൽ നടപ്പിലാക്കുന്നു.<br><br>പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ (9-10 ക്ലാസ് സ്കോളർഷിപ്പ്, അനാരോഗ്യ ചുറ്റുപാടിൽ തൊഴിൽ ചെയ്യുന്നവരുടെ ആശ്രിതർക്കുള്ള സ്കോളർഷിപ്പ്) 2022-23 വർഷം മുതൽ 40:60 സംസ്ഥാന -കേന്ദ്ര അനുപാതത്തിൽ നടപ്പിലാക്കുന്നു.<br><br>SCA to SCSP പദ്ധതിക്ക് 2019-2020 സാമ്പത്തിക വർഷം വരെ കേന്ദ്രസഹായം ലഭ്യമായിരുന്നു. എന്നാൽ 2020-2021, 2021-2022 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്രസഹായം ലഭ്യമായിട്ടില്ല. |
| (സി) | ഇത്തരം വെട്ടിക്കുറയ്ക്കൽ കാരണം സഹായവിതരണം തടസ്സപ്പെടുന്ന സാഹചര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (സി) | വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യ വിതരണത്തിൽ തടസ്സം വരാതിരിക്കാനായി നിലവിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ച് നൽകിവരുന്നു. കൂടാതെ തുക അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ യഥാസമയം സർക്കാർ നൽകിയിട്ടുണ്ട്.<br><br>പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് പുതുക്കിയ നിരക്കിലും രീതിയിലും സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിന് വേണ്ടി NPCI, PFMS എന്നിവയുമായുള്ള ഇന്റഗ്രേഷൻ കേന്ദ്രസർക്കാർ നിർബന്ധമാക്കുകയും എന്നാൽ അതിനുളള സാങ്കേതിക സഹായം സംസ്ഥാനത്തിനു ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുകയും ചെയ്തതിനാൽ 2022-23 വർഷം സ്കോളർഷിപ്പ് വിതരണത്തിൽ കാലതാമസം നേരിട്ടിട്ടുണ്ട്. പ്രസ്തുത |

| | | | |
|---|---|---|---|
| | | | വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും നിലവിൽ സാങ്കേതിക നടപടികൾ പൂർത്തിയാക്കി സ്കോളർഷിപ്പ് വിതരണത്തിനുളള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടും കേന്ദ്രസർക്കാരിന്റെ സഹായം ലഭിക്കാത്തതുകൊണ്ടുമാത്രം ആനുകൂല്യങ്ങൾ നൽകാൻ സാധിക്കാതെ വന്ന പദ്ധതികളുടെ വിശദാംശം അറിയിക്കാമോ; കേന്ദ്രസർക്കാരുമായി നേരിട്ട് ചർച്ച നടത്തി ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | 2021-22 സാമ്പത്തിക വർഷം പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യത്തിനായി 26.118 കോടി രൂപ ആവശ്യപ്പെട്ടതിൽ 13.0591 കോടി രൂപയും, പ്രീമെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ 3.76 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചതിൽ 1.88 കോടി രൂപയും ലഭിച്ചിട്ടുണ്ട്. എന്നാൽ 2022-23 സാമ്പത്തിക വർഷം പ്രൊപ്പോസലുകൾ സമർപ്പിച്ചെങ്കിലും നാളിതുവരെയും കേന്ദ്രത്തിന്റെ വിഹിതം വിവിധ കാരണങ്ങളാൽ ലഭിച്ചിട്ടില്ല. എന്നാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം നടത്തുന്നതിൽ തടസ്സം നേരിടാതിരിക്കാനായി സംസ്ഥാന ബഡ്ജറ്റിൽ നിന്നും നിലവിൽ തുക അനുവദിച്ച് വരുന്നു.<br><br>പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് SCA to SCSP പദ്ധതിക്ക് മുൻവർഷങ്ങളിൽ കേന്ദ്രം അനുവദിച്ചിട്ടുളളതും ചെലവഴിക്കാതെ അവശേഷിക്കുന്നതുമായ തുകയിൽ നിന്നും തുക ചെലവഴിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പട്ടികജാതി അതിക്രമ നിരോധന നിയമം, മിശ്രവിവാഹ ധനസഹായം എന്നീ പദ്ധതികൾക്ക് മുൻ വർഷം വരെ കേന്ദ്ര വിഹിതം ലഭിച്ചിട്ടുണ്ട്. നടപ്പ് വർഷം പ്രൊപ്പോസൽ നൽകിയിട്ടും നാളിതുവരെ കേന്ദ്ര വിഹിതം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ